ഉത്തരം.

(എ) ഉണ്ട്.

(ബി) നടപടികൾ എടുത്തുവരികയാണ്.

(സി) ഇക്കാര്യം പര്യാലോചിക്കുന്നതാണ്.

പാലംപണി

116. [4] ശ്രീ. കെ. ജി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വം പുരാവസ്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എരുമേലി–മുക്കട റോഡിൽ മുന്നാലു വലിയ പാലങ്ങൾ പണിതീർക്കാത്തതു കാരണം ഗതാഗതത്തിനു വളരെ തടസ്സം നേരിടുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡിൽ അത്യാവശ്യം വേണ്ടതായ പാലങ്ങളുടേയും കലുങ്കുകളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഇവയുടെ പണി കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) ഈ റോഡിൽ ചില കലുംകുകളും പാലങ്ങളും പുതുക്കിപ്പണിയേണ്ടതുണ്ട് എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇതു് ഒരു ബഡ്ഡറ്റഡ് വർക്കല്ല. ധനദൗർലഭ്യം നിമിത്തം ഈ പണി ഇപ്പോഴം തുടങ്ങുവാൻ നിവൃത്തിയില്ല.

റോഡ് ടാറിംഗ്

117. [5] ശ്രീ. കെ.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം ബഡ്ഡറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കാഞ്ഞിരപ്പള്ളി–എരുമേലി റോഡിന്റെ ടാറിംഗ് വേലയുടെ എസ്റ്റിമേറ്റ് തയ്യാറായിക്കഴിഞ്ഞോ ;

(ബി) പ്രസ്തുത വേല ഈ സാമ്പത്തികവർഷം ആരംഭിക്കാതിരിക്കാൻവാനുള്ള കാരണമെന്ത് ;

(സി) ഈ വേല കഴിയുന്നതും വേഗം പൂർത്തിയാക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ,ബി) എസ്റ്റിമേറ്റ് ചീഫ് എൻജിനീയറുടെ പരിശോധനയിലിരിക്കുകയാണ്.

(സി) ഈ റോഡുപണി നടത്തുന്ന കാര്യം തീരുമാനമായിട്ടില്ല.

യൂറിനൽ നിർമ്മാണം.

118. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ അടൂർ സെൻറർ ടോളിൽ യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ച് മലമൂത്രവിസർജ്ജനം ചെയ്യുന്നതിന് എന്തു സൗകര്യമാണുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലമൂത്രവിസർജ്ജനം ചെയ്യുന്നതിനു് അവിടെ ആളുകൾ വളരെ ബുദ്ധിമുട്ടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനു് ഇതിനെ സംബന്ധിച്ചു് വല്ല നിർദ്ദേശവും സമർപ്പിക്കാനുണ്ടോ :

(സി) ഉണ്ടെങ്കിൽ ആ നിർദ്ദേശം നടപ്പിലാക്കാൻ ഗവണ്മെൻറു് നടപടി എടുക്കുമോ ?

ഉത്തരം

(എ) പ്രത്യേക സൗകര്യം ഇല്ല.
(ബി) ഇല്ല.
(സി) ഇല്ല. ഈ വക കാര്യങ്ങളിൽ സ്ഥലത്തെ പഞ്ചായത്തിനു നടപടികൾ എടുക്കാവുന്നതാണു്.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

തലക്കൊളത്തൂർ ശുദ്ധജലവിതരണം

119. [14] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടതാലൂക്കിലെ തലക്കൊളത്തൂർ വില്ലേജിൽ ശുദ്ധജല വിതരണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി കഴിഞ്ഞുവോ;

(ബി) ഓവർഹെഡ് ടാങ്കുകെട്ടി പൈപ്പുകൾ ഇട്ടു് ജലവിതരണം നടത്തുന്നതോ, കുഴൽകിണറുകൾ സ്ഥാപിക്കുന്നതോ ആ സ്ഥലത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രായോഗികമായിട്ടുള്ളതു് ;

(സി) ഇതിനുള്ള എന്തു നടപടികളെടുത്തു ;

(ഡി) ഡെവലപ്പുമെൻറു് കൗൺസിലിൻറെ അംഗീകാരത്തിനു ഈ സ്കീം അയച്ചുവോ ;

(ഈ) ഈ സ്കീം എപ്പോഴേയ്ക്കും പ്രായോഗികമാകും ?

ഉത്തരം

(എ) കോഴിക്കോട്ട തലക്കൊളത്തൂർ വില്ലേജിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻവേണ്ടി പഞ്ചായത്തുബോർഡു് അഭ്യർത്ഥിച്ചിട്ടുണ്ടു്. ഇൻവെസ്റ്റിഗേഷൻ നടത്തിതീർന്നിട്ടില്ല.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തിയാൽമാത്രമേ പദ്ധതിയുടെ പ്രായോഗികരൂപം മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

(സി) എസ്റ്റിമേറുതയാറാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു.

(ഡി) എസ്റ്റിമേറു തയാറായിക്കഴിഞ്ഞാലുടനെ ഡി. ഡി. സി സ്കീം അംഗീകാരത്തിനയക്കുന്നതുണ്ടു്,

(ഈ) എസ്റ്റിമേറു് സാംഗ്ഷൻ ചെയ്യുകയും ഡി. ഡി. സി. അംഗീകരിക്കുകയും ചെയ്താൽ 64–65 സാമ്പത്തികവർഷത്തിൽ ജോലികൾ ആരംഭിക്കാവുന്നതാണു്.

ഏലത്തൂർ ശുദ്ധജലവിതരണം

120. [15] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടതാലൂക്കിലെ ഏലത്തൂർ ഓവർ ഹെഡ്ടാങ്കിൻറെ എസ്റ്റിമേറു് തയാറായിക്കഴിഞ്ഞോ ;

LIBRARY ARCHIVES Kerala Legislative Assembly